# കേരളസർവകലാശാല

നം.പി.ആർ.252/2021

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ഡിസംബർ 10 ന് പനച്ചമൂട് വൈറ്റ് മെമ്മോറിയൽ കോളേജിൽ വച്ച് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്. ഡബ്ല്യൂ. (315) പ്രോഗ്രാമിന്റെ വൈവ വോസി ഡിസംബർ 21 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

### ടൈംടേബിൾ

കേരളസർവകലാശാല ഡിസംബർ 13 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി സ്പെഷ്യൽ പരീക്ഷയുടെ (റെഗുലർ – 2019 സ്കീം) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 15 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ അഞ്ചാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ ആന്റ് സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷകൾ കോവിഡ്–19 കാരണം എഴുതാൻ സാധിക്കാത്ത റെഗുലർ/സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ പേര്, കാൻഡിഡേറ്റ് കോഡ്, എക്സാം കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ സാക്ഷ്യപത്രം (അസൽ രേഖകൾ) സഹിതം ഡിസംബർ 10 നകം അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീമിലെ വിദ്യാർത്ഥികൾക്കായി നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. (4/2021) റെഗുലർ, നാലാം സെമസ്റ്റർ ബി.ടെക്. (9/2021) റെഗുലർ, ആറാം സെമസ്റ്റർ ബി.ടെക്.(9/2021) റെഗുലർ എന്നീ പരീക്ഷകൾ കോവിഡ് കാരണം എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾ സ്പെഷ്യൽ പരീക്ഷയ്ക്കായി കോളേജ് പ്രിൻസിപ്പാളിന് ഡിസംബർ 10 ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (2013 സ്കീം) സെപ്റ്റംബർ 2020, ഏഴാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (2008 സ്കീം) സെപ്റ്റംബർ 2020 എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII – ഏഴ്) സെക്ഷനിൽ ഡിസംബർ 6 മുതൽ 8 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ മ്യൂസിക് പഠനവകുപ്പിൽ എം.എ.മ്യൂസിക് പ്രോഗ്രാമിന് ഒഴിവുളള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 6 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ കൊമേഴ്സ് പഠനവകുപ്പിൽ എം.കോം. ബ്ലൂ ഇക്കോണമി ആന്റ് മാരിടൈം ലോ പ്രോഗ്രാമിന് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 6 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പിഎച്ച്.ഡി.നൽകി

അശ്വതി ആർ (മാനേജ്മെന്റ് സ്റ്റഡീസ്), സാം റോബർട്ട് (ലിംഗ്വിസ്റ്റിക്സ്), കിംഗ്സ്ലി ജെ (തമിഴ്), അരുൺ ശ്യാംനാഥ് (എക്കണോമിക്സ്), അർഷാദ് അഹമ്മദ് എ (ഇംഗ്ലീഷ്), ആശ സിന്ധു എസ്.എസ്. (എഡ്യൂക്കേഷൻ), റിഷിദാസ് എസ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ശക്തിപ്രിയ എം (ബയോടെക്നോളജി), ശ്രീജ ജെ. (മലയാളം), മനേഷ് റഷീദ് (ഫിസിക്കൽ എഡ്യൂക്കേഷൻ), അനുപ്രിയ പാത്ര, അഭിലാഷ് ബാബു ബി., ഇലാഹ് ഗദൗരി (ഇംഗ്ലീഷ്), അമ്പിളി കെ (സംസ്കൃതം), ദിവ്യ വി (എഡ്യൂക്കേഷൻ), ദിവ്യ ജെ.വി., ഗീത ജെ. (കൊമേഴ്സ്), സ്വപ്ന എം.എസ്. (ഒപ്റ്റോഇലക്ട്രോണിക്സ്), വിജയ ലക്ഷ്മി എൽ (ഹിന്ദി), വിനീത എസ് ദാസ്, സതീഷ് കുമാർ എം. (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), രാജ്മോഹൻ വി (ആയുർവേദം), ശ്രീകല സി.ജി. (ബോട്ടണി), മേരി റിഞ്ചു ആർ, സുജ എസ്. (സുവോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
04.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ


**E-mail:** For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**